**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 408** **23-07-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിലെ ക്ഷേത്രക്കുളങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി അരംഭിക്കുമോ; വ്യക്തമാക്കാമോ; | (എ) | മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നവീകരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 27,84,000/-രൂപയുടെ പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി നിമിത്തം നിർമ്മാണത്തിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടില്ല. |
| (ബി) | മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വേലകുളവും, വലിയ കുളവും നവീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ; | (ബി) | മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ -യുടെ കത്ത് 14/07/2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇത് സംബന്ധിച്ച് ശ്രീ.ആർ.രാജേഷ്.എം.എൽ.എ -യുടെ കത്ത് 19/04/2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കുളങ്ങൾ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ -യുടെ കത്ത് 14/07/2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇത് സംബന്ധിച്ച് ശ്രീ.ആർ.രാജേഷ്.എം.എൽ.എ -യുടെ കത്ത് 19/04/2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനിയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ